**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4481** **18-03-2025 - ൽ മറുപടിയ്ക്ക്**

**നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ സ്ഥിതി ചെയ്യുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തിയാകാത്ത കെട്ടിടത്തിന്റെ പൂർത്തീകരണത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ? | (എ) | കേരള മാരിടൈം സൊസൈറ്റിയുടെ കീഴിലുള്ള നീണ്ടകര മാരിടൈം അക്കാഡമി സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം അക്കാഡമിയായി വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുവാൻ താല്പര്യപത്രം ക്ഷണിക്കുകയും ഇതിലേക്ക് നിക്ഷേപകരെ ആകർഷിക്കുവാൻ കേരള മാരിടൈം എഡ്യൂക്കേഷൻ കോൺഫറൻസും, പ്രീ ബിസിനസ്സ് മീറ്റിംഗും നടത്തുകയുണ്ടായി. 5 സംരംഭകർ ഇതിനായി താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. ഇതിനായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ